പോളിടെക്നിക്ക്

പൂരപുഴ	- ഇടുക്കി ജില്ല
കോവളം	- തിരുവനന്തപുരം

എഞ്ചിനീയറിംഗ് കോളേജുകൾ (സഹകരണമേഖല)

തലശ്ശേരി	- കണ്ണൂർ ജില്ല
വട്ടിയൂർക്കാവ്	- തിരുവനന്തപുരം ജില്ല
കുണ്ടറ	- കൊല്ലം ജില്ല
കായംകുളം	- ആലപ്പുഴ
കുന്നത്തുനാട്	- എറണാകുളം
മലപ്പുറം	- മലപ്പുറം
ആറന്മുള	- പത്തനംതിട്ട
കടുത്തുരുത്തി	- കോട്ടയം
തൃക്കരിപ്പൂർ	- കാസർഗോഡ്

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ

കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ഇടുക്കി ജില്ല

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ
എഞ്ചിനീയറിംഗ് കോളേജുകൾ

എറണാകുളം	- എറണാകുളം ജില്ല
ഇടുക്കി	- ഇടുക്കി ജില്ല

പോളിടെക്നിക്കുകൾ

കൊല്ലം	- കൊല്ലം ജില്ല
ഇടുക്കി	- ഇടുക്കി ജില്ല
ആലപ്പുഴ	- ആലപ്പുഴ ജില്ല
പാലക്കാട്	- പാലക്കാട് ജില്ല

(ബി) സർക്കാർ, അർദ്ധ സർക്കാർ, സഹകരണ മേഖലയിൽ.

(സി) ഉത്തരം 'എ'യിൽ നൽകിയിട്ടുണ്ട്.

(ഡി) ഇടുക്കി ജില്ലയിലെ കാരക്കോട് വില്ലേജിൽ.

പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ നടപ്പാക്കണമെന്ന കോടതി വിധി

77 (2057) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ ഉടൻ നടപ്പാക്കണം എന്ന കോടതിവിധി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) കോടതിവിധി നടപ്പിലാക്കാൻ വൈകുന്നതു നിമിത്തം ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടർ തസ്തികകളുടെ അപ്രൂവൽ തടഞ്ഞിരിക്കുന്നതിനാൽ ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിച്ചു ;

(സി) എഞ്ചിനീയറിംഗ് കോളേജ് ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് അന്തിമ തീരുമാനത്തിന് വിധേയമായി സുപ്രീംകോടതി വിധിപ്രകാരമുള്ള പ്രൊമോഷനുകൾക്ക് അംഗീകാരം നൽകാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച കരട് നിർദ്ദേശത്തിന്മേൽ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടന്ന് വരികയാണ്.

എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ആരംഭിക്കാൻ നടപടി

78 (2058) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ എ.ഐ.സി.റ്റി പ്രകാരമുള്ള നിബന്ധനകൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ വേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ആരംഭിക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ. നിഷ്ക്കർഷിച്ചിട്ടുള്ള പ്രധാന നിബന്ധനകൾ താഴെ പറയുന്നവയാണ്.

1. 5000 രൂപ വിലയുള്ള അപേക്ഷാ ഫാറത്തിൽ ഓരോ വർഷവും നിശ്ചയിച്ചിട്ടുള്ള തീയതിക്ക് മുമ്പ് അപേക്ഷകൾ സമർപ്പിക്കണം. സർക്കാർ സ്ഥാപനങ്ങൾക്കും യൂണിവേഴ്സിറ്റികൾക്കും അപേക്ഷാഫീസ് നൽകേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly